# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1758** 10.02.2020 -ലെ മറുപടിയ്ക്ക്

## കാര്യവട്ടം കാമ്പസിൽ പാർക്കിംഗ് ഫീസായി ഈടാക്കിയ തുക

ചോദ്യം

**ശ്രീ. പി.സി. ജോർജ്**

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 2019 ഡിസംബർ മാസം കാര്യവട്ടം സ്പോർട്സ് ഹബ്ബിൽ നടന്ന ഇൻഡ്യ-വെസ്റ്റ് ഇൻഡീസ് 20-20 ക്രിക്കറ്റ് മൽസരവുമായി ബന്ധപ്പെട്ട് കാര്യവട്ടം കാമ്പസിനുള്ളിൽ പാർക്കിംഗ് ഫീസായി ഓരോ ഇനം വാഹനത്തിനും എത്ര രൂപ വീതമാണ് കേരള യൂണിവേഴ്സിറ്റി അധികൃതർ ഈടാക്കിയതെന്ന് വിശദമാക്കാമോ; | (എ) | 08.12.2019 ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന ക്രിക്കറ്റ് മത്സരവുമായി ബന്ധപ്പെട്ട് കാര്യവട്ടം കാമ്പസിനുള്ളിൽ പാർക്കിംഗ് ഫീസായി ഓരോ ഇനം വാഹനങ്ങൾക്കും ഈടാക്കിയ തുക ചുവടെ നൽകുന്നു.<br>1. ടൂ വീലർ വാഹനങ്ങൾക്ക് 100/- രൂപ<br>2. ത്രീ വീലർ വാഹനങ്ങൾക്ക് 200/- രൂപ<br>3. കാർ 250/- രൂപ<br>4. മിനി ബസ് 500/- രൂപ<br>5. ഹെവി ബസ് 750/- രൂപ |
| (ബി) | കൂടിയനിരക്കിൽ പാർക്കിംഗ് ഫീസ് ഈടാക്കിയെങ്കിലും അതിനനുസരിച്ചുള്ള പാർക്കിംഗ് സൗകര്യം കാമ്പസിനുള്ളിൽ ഏർപ്പെടുത്തിയിരുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | കാമ്പസിനുള്ളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. പാർക്കിംഗ് ചെയ്യുന്നതിനായി കാട് വെട്ടിത്തെളിച്ച് കൂടുതൽ സ്ഥലം ഒരുക്കിയിരുന്നു. കൂടാതെ മറ്റ് വാഹനങ്ങൾക്ക് തടസ്സം കൂടാതെ പാർക്ക് ചെയ്യുന്നതിനും വാഹനങ്ങളുടെ സുരക്ഷിതത്വത്തിനുമായി ഏകദേശം 25 പേരെ നിയോഗിച്ചിരുന്നു. ഇതിൽ പുറത്തുനിന്നുള്ള 9 ട്രാഫിക് വാർഡന്മാരെക്കൂടാതെ സെക്യൂരിറ്റി ഗാർഡുമാരും ഉൾപ്പെടുന്നു. രാത്രി 11.00 മണിവരെ പാർക്കിംഗ് ഉണ്ടായിരുന്നതിനാൽ പ്രത്യേകം ജനറേറ്റർ സ്ഥാപിച്ച് എല്ലായിടത്തും ലൈറ്റുകളും സ്ഥാപിച്ചിരുന്നു. ഇത്തരത്തിൽ പാർക്കിംഗിനുവേണ്ടി എല്ലാവിധ സൗകര്യങ്ങളും കാമ്പസിൽ സജ്ജീകരിച്ചിരുന്നു. |
| (സി) | പ്രസ്തുത ദിവസം പാർക്കിംഗ് ഫീസിനത്തിൽ കേരള യൂണിവേഴ്സിറ്റിയ്ക്ക് എത്ര തുക ഓരോ ഇനം വാഹനത്തിനും ലഭിച്ചുവെന്നതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (സി) | 08.12.2019 ന് കാര്യവട്ടം കാമ്പസിനുള്ളിൽ പാർക്കിംഗ് ഫീസിനത്തിൽ സർവകലാശാലയ്ക്ക് ഓരോ ഇനം വാഹനത്തിനും ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | 1. | 441 ടൂ വീലർ | 441 x 100 = 44,100/ രൂപ |
| | | | 2. | 4 ത്രീ വീലർ വാഹനങ്ങൾക്ക് | 4 x 200 = 800/- രൂപ |
| | | | 3. | 1003 കാർ | 1003 x 250/- = 2,50,750/ രൂപ |
| | | | 4. | 3 മിനി ബസ് | 3 x 500/- രൂപ = 1500/ |
| | | | 5. | ഹെവി ബസ് | 0 |
| | | | | ആകെ | 2,97,150/- രൂപ |

സെക്ഷൻ ഓഫീസർ.